ജെറ് പെട്രോളിനേറയും വില്പന നികുതി യഥാക്രമം എട്ടും നാലും ശതമാനങ്ങളിൽനിന്ന് 10 ശതമാനമായി ഉയർത്തുന്നതാണ്.

വിദേശമദ്യത്തിൻമേലുള്ള നികുതി വർദ്ധിപ്പിക്കുന്നു :

56. ഇൻഡ്യൻ നിർമ്മിത വിദേശമദ്യത്തിന് 55 ശതമാനം നികുതിയുള്ള പ്രൂഫ് ഇറക്കുമതി ചെയ്യപ്പെടുന്ന വിദേശമദ്യങ്ങളുടെ നികുതി 50 ശതമാനമായി നിലനിർത്തുന്നതു ശരിയല്ല. അതിനാൽ വിദേശമദ്യത്തിൻമേലുള്ള നികുതിയും 55 ശതമാനമായി ഉയർത്തുന്നതാണ്.

ലിഫ്റ്റിനു് ഉയർന്ന നികുതി :

57. ഏലക്ട്രിക്—ഹൈഡ്രോളിക്—മെക്കാനിക്കൽ ലിഫ്റ്റുകൾക്ക് യന്ത്രോപകരണം എന്ന അടിസ്ഥാനത്തിൽ എട്ടു ശതമാനം നികുതി മാത്രമാണ് ചുമത്തി വരുന്നത്. ബഹുനിലക്കെട്ടിടങ്ങൾക്കും മറ്റും ഉപയോഗിക്കുന്ന ഈ ഉപകരണത്തിനു് കുറേക്കൂടി ഉയർന്ന നിരക്കിൽ നികുതി ചുമത്താവുന്നതാണ്. അതിനാൽ ഈ ഗണത്തിൽപ്പെടുന്ന ലിഫ്റ്റുകളുടെ നികുതി എട്ടു ശതമാനത്തിൽനിന്ന് 15 ശതമാനമായി ഉയർത്തുന്നതാണ്.

പി. വി. സി. യും വാട്ടർപ്രൂഫ് ക്ലോത്തുകളും റെക്സിനും കൊണ്ടു നിർമ്മിച്ച സാധനങ്ങൾക്കു നികുതി :

53. കേരള പൊതുവില്പന നികുതി നിയമം 1-ാം ഷെഡ്യൂൾ എൻട്രി 100 സി-യിൽ പ്രതിപാദിക്കുന്നതനുസരിച്ച് പി. വി. സി. ക്ലോത്ത്, വാട്ടർപ്രൂഫ് ക്ലോത്ത്, റെക്സിൻ എന്നിവ എട്ടു ശതമാനം നികുതിക്കു വിധേയമാണ്. എന്നാൽ അവകൊണ്ടു നിർമ്മിക്കുന്ന ഉത്പന്നങ്ങളുടെ കാര്യം ഷെഡ്യൂളിൽ ഒരിടത്തും പ്രതിപാദിക്കാത്തതുമൂലം അവയുടെ മേൽ ഏകമുഖ വില്പന നികുതി ചുമത്തുവാൻ കഴിയുന്നില്ല. അതിനാൽ അവയേയും 100 സി എൻട്രിയിൽ ഉൾപ്പെടുത്തുന്നതും എട്ടു ശതമാനം നികുതിക്കു വിധേയമാക്കുന്നതുമാണ്.

കെട്ടിട നിർമ്മാണത്തിനുപയോഗിക്കുന്ന അലങ്കാരവസ്തുക്കൾക്ക് നികുതി :

59. കേരള പൊതുവില്പന നികുതി നിയമം 1-ാം ഷെഡ്യൂൾ 105-ം 105 എ-യും എൻട്രികളിൽ പ്രതിപാദിക്കുന്നതനുസരിച്ച് ഗ്ളെയ്സ്ഡ് ടൈൽ, മൊസെക് ടൈൽ, മൊസെക് ചിപ്സ്, മാർബിൾ ടൈൽ, മാർബിൾ സ്ലാബ്, കടപ്പാക്കല്ല്, സ്ലാബ് എന്നിവ 15 ശതമാനം നികുതിക്കു വിധേയമാണ്. പക്ഷെ ഈ ഗണത്തിൽപ്പെടാത്ത പുതിയയിനം കല്ലുകളും മറ്റു സാധനങ്ങളും ഇന്നു ധാരാളമായി കമ്പോളത്തിൽ എത്തുന്നുണ്ട്. കെട്ടിടനിർമ്മാണത്തിൽ അവ വലിയതോതിൽ ഉപയോഗിക്കുകയും ചെയ്യുന്നു. അതുകൊണ്ട് 105-ം 105 എ-യും എൻട്രികളിൽ പരാമർശിക്കാത്ത പുതിയതരം കല്ലുകളേയും മറ്റു അലങ്കാര വസ്തുക്കളേയും 105 സി എന്ന ഒരു പുതിയ എൻട്രിയിൽപ്പെടുത്തി 15 ശതമാനം നികുതിക്കു വിധേയമാക്കുന്നതാണ്.

സൂട്ട്കെയ്സുകളുടെയും ബീഫ്കെയ്സുകളുടെയും നികുതി ഏകീകരിക്കുന്നു :

60. വിൽപ്പന നികുതി നിയമം 1-ാം ഷെഡ്യൂൾ 88-ാം എൻട്രി അനുസരിച്ച് 50 രൂപയോ അതിൽക്കൂടുതലോ വിലവരുന്ന സൂട്ട്കെയ്സുകൾക്കും

LIBRARY ARCHIVES Kerala Legislative Assembly